കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുഹമ്മ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി/പി14-60/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ -ddhglfalpy@gmail.com
തീയതി: 12.02.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഹമ്മ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ---ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി14-60/2019 തീയതി: 12.02.2019

.

# ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.6.2017 മുതൽ 30.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.12..2018 മുതൽ<br>31.12.2018 വരെ | ശ്രീമതി.എസ്സ്.എൽസമ്മ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.പുഷ്പരാജ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ലേഖ.പി.കെ,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ്<br>ശ്രീ.ജെ.ജയലാൽ<br>സെക്രട്ടറി<br>ശ്രീമതി.അംബിക.എസ് | 01.4.2017 മുതൽ 31.3.2018വരെ<br>1.04.2017 മുതൽ 31.03.2018വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ,വിദ്യാഭ്യാസം | ശ്രീ.സി.ബി.ഷാജികുമാർ | 01.4.2017 മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം | ശ്രീ.ഡി.സതിശൻ | 01.4.2017 മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം | ശ്രീമതി.സിന്ധുരാജീവ് | 01.4.2017മുതൽ31.3.2018 വരെ |
| 4 | ധനകാര്യം | ശ്രീമതി.മായാമഞ്ജു | 01.4.2017 മുതൽ 31.3.18വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ജൂലി ലൂക്ക | 01.04.2017 മുതൽ<br>2.7.2017 വരെ |
| | ശ്രീമതി.സമീറ പുതുക്കാട്ടിൽ | 3.7.2017 മുതൽ<br>6.11.2017 FN വരെ |
| | ശ്രീമതി.അഞ്ജനബാബു | 6.11.2017AN മുതൽ<br>31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ജി.രാജു. | 1.04.2017 മുതൽ<br>16.7.2017വരെ |
| | ഡോ.സുരേഷ് പി.പണിക്കർ | 17.7.2017മുതൽ<br>31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ധന്യ.എ. | 01.04 2017മുതൽ<br>31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ശ്രീദേവി.എസ് | 01.04.2017 മുതൽ<br>31.12.2017 വരെ |
| | ഡോ.സുനിത്.ആർ | 1.1.2018 മുതൽ<br>31.3.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ. ശ്രീകുമാർ | 01.04.2017 മുതൽ<br>13.7.2017വരെ |
| | ഡോ. ജെ.ജ്യോതി. | 14.7.2017മുതൽ<br>31.03.2018വരെ |
| ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി. എസ്. | ശ്രീമതി.ജ്യോതികല.പി.എസ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ആശ.ബി. | 01.04.2017 മുതൽ<br>9.11.2017 വരെ |
| | ഒഴിവ് | 10.11.2017 മുതൽ<br>21.11.2017 വരെ |
| | ശ്രീമതി.സൗമ്യ.എസ്. | 22.11.2017 മുതൽ<br>31.3.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.സി.സേവ്യർ | 01.04.2017 മുതൽ<br>31.3.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.മായാദേവി.പി.എൻ | 01.04.2017 മുതൽ<br>27.10.2017 വരെ |
| | ശ്രീ.വിഷ്ണു.എസ്. | 28.10.2017 മുതൽ<br>31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കായിപ്പുറം സർക്കിൾ | ശ്രീ.ജലീൽ.എസ്. | 01.04.2017 മുതൽ<br>21.7.2017വരെ |
| | ശ്രീമതി.പ്രസീദ.കെ.എസ് | 22.7. 2017മുതൽ<br>31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുഹമ്മ സർക്കിൾ) | ശ്രീ.പ്രദീപ്കുമാർ | 01.04.2017 മുതൽ<br>28.2.2018FN വരെ |
| | ശ്രീമതി.പ്രസീദ.കെ.എസ് | 28.2.2018AN മുതൽ<br>31.03.2018 വരെ |
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.അനുരാജ് | 01.04.2017 മുതൽ<br>31.03.2018 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | തൊഴിൽ നികുതി/സ്ഥാപനനികുതി - ഈടാക്കിയിട്ടില്ല |
| 3 | 2-2 | ഡി & ഒ ലൈസൻസ് ഈടാക്കിയതിൽ കുറവ് |
| 4 | 2-3 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് |
| 5 | 2-4 | അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 6 | 2-5 | ഇ-ടെണ്ടർ ഫീസ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| ഭാഗം 3 | | |
| 7 | 3-1 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകൾ |
| 8 | 3-2 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 9 | 3-3 | ഗവ.എൽ.പി.എസ് ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ അപാകതകൾ |
| 10 | 3-4 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 11 | 3-5 | സമഗ്ര പച്ചക്കറി വികസന പദ്ധതി-രേഖകൾ ഹാജരാക്കിയിട്ടില്ല |
| 12 | 3-6 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് |
| 13 | 3-7 | ഹോണറേറിയം തുക ക്രമീകരിച്ചിട്ടില്ല |
| 14 | 3-8 | തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് |
| 15 | 3-9 | മരുന്നു വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല |
| 16 | 3-10 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 17 | 3-11 | സേവന നികുതി പരിധിയിൽ ഉൾപ്പെടാത്ത സേവനത്തിന് നികുതി നല്കിയത്- സംബന്ധിച്ച്. |
| 18 | 3-11 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കോൺട്രാക്ടറിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല. |
| ഭാഗം 4 | | |
| 19 | 4-1 മുതൽ 4-10വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 21 | അനുബന്ധം 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18-ലെ ബജറ്റ് 29.3-2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 129712910 | 123590000 |
| വാർഷിക കണക്ക് പ്രകാരം | 81416994 | 70419066 |

2017-18 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിന്നുള്ള ശുപാർശകൾ തയ്യാറാക്കി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര് | ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ച തീയതി |
|---|---|
| വികസനം | 13.2.2017 |
| ക്ഷേമകാര്യം | 7.3.2017 |
| ആരോഗ്യ - വിദ്യാഭ്യാസം | 3.3.2017 |

ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചചേർക്കണമെന്നും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ് രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവു-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്.

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്-ചെലവ് കണക്കുകളും ബജറ്റ് എസ്ററിമേറ്റും തമ്മിൽ കോടികണക്കിനു രൂപയുടെ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ്

തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

സമർപ്പിച്ച തീയതി - 22.5.2018

വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-2018 | കെ.എസ്സ്എ.എ.എൽ.പി./ജി.എ4./1126(46)2018 | വിശേഷണങ്ങളോടുകൂടിയത് |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23281739 |
| വരവ് | 58135255 |
| ആകെ | 81416994 |
| ചെലവ് | 70419066 |
| നീക്കിയിരിപ്പ് | 10997928 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 15091000 | 15091000 | 13463667 | 1627333 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 3065127 | 3065127 | 2851805 | 213322 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 137944 | 137944 | 135116 | 2828 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 3420000 | 3420000 | 3419925 | 75 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 3330000 | 3330000 | 3263986 | 66014 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7087799 | 7087799 | 6407872 | 679927 |
| കെ.എൽ.എസ്.ജി.ഡി.പി(സ്റ്റേറ്റ്) | 0 | 940644 | 940644 | 640223 | 300421 |
| കെ.എൽ.എസ്.ജി.ഡി.പി(സെൻട്രൽ) | 0 | 2679827 | 2679827 | 1590291 | 1089536 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 13346334 | 8920000 | 22266334 | 20422982 | 1843352 |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എസ് ബി ഐ സീറോ ബാലൻസ് | 0 | 0 | 0 | 0 | 0 |
| ട്രഷറി തനത് ഫണ്ട് | 0 | 0 | 0 | 0 | 0 |
| എസ് ബി ഐ ,സാക്ഷരത | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 200800 | 931136 | 1131936 | 1106350 | 25586 |
| എസ് ബി ഐ. പൈക്ക | 12015 | 448 | 12463 | 0 | 12463 |
| ട്രഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 750000 | 1934087 | 2684087 | 1727887 | 956200 |
| കറണ്ട് അക്കൗണ്ട്( ഇ പേയ്മെന്റ്) | 0 | 625851 | 625851 | 138567 | 487284 |
| എസ് ബി ഐ. ദുരിതാശ്വാസ നിധി | 93129 | 5531 | 98660 | 1000 | 97660 |
| ബി-ഫണ്ട് | 0 | 491280 | 491280 | 491280 | 0 |
| എ.ഡി.സി.ബി.തനത് ഫണ്ട് | 7963700 | 12677701 | 20641401 | 13867842 | 6772559 |
| ക്യാഷ്(തനത് ഫണ്ട്) | 0 | 0 | 0 | 0 | 0 |
| മറ്റിനം ( ഐ. സി. ഡി. എസ്) | 384695 | 1191678 | 1576373 | 1445278 | 131095 |
| മറ്റിനം(ടോട്ടൽ സാനിറ്റേഷൻ) | 32291 | 1412205 | 1444496 | 146315 | 1298181 |
| മറ്റിനം(കുട്ടനാട് പാക്കേജ്) | 231401 | 9333 | 240734 | 0 | 240734 |
| മറ്റിനം(വി. പി.എഫ് എ 1-3 പോസ്റ്റോഫീസ് അക്കൗണ്ട്) | 1901 | 237 | 2138 | 0 | 2138 |

1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 151 | 42706963 | 84 | 20857824 | 31 | 36 | 55 |

പദ്ധതി നിർവ്വഹണം സമയ ബന്ധിതമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി ഒ (എം എസ്) 72/2017 തസ്വഭവ തീ 29.03.2017 പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്. എന്നാൽ മാർച്ച് മാസമാണ് കൂടുതലും ചെലവ് വന്നിട്ടുള്ളത്. തന്മൂലം പ്രൊജക്ടുകൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹണം നടത്താൻ സാധിച്ചില്ല. പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദ വർഷം 25% എങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മിറ്റി നൽകിയിട്ടുള്ളത്.

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 29286000 | 29286000 | 29286000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 200800 | 931136 | 1131936 | 1106350 | 25586 |
| ആകെ | 200800 | 30217136 | 30417936 | 30392350 | 25586 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 251280 | 500 |
| കർഷകതൊഴിലാളി പെൻഷൻ | 2149100 | 187 |
| വിധവാപെൻഷൻ | 8950500 | 788 |
| വാർദ്ധക്യകാലപെൻഷൻ | 27458700 | 2479 |
| വികലാംഗപെൻഷൻ | 4408700 | 368 |
| അവിവാഹിതപെൻഷൻ | 1088300 | 98 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 240000 | 8 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2018-ാം തീയതി, 12.20 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,037/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച്ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം താഴെപ്പറയുന്ന വിവിധ കാരണങ്ങളാൽ കാര്യക്ഷമമല്ലായെന്ന് കാണുന്നു.

1. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
2. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചല്ല വാങ്ങലുകൾ നടത്തുന്നത്.
3. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക്ബാലൻസ്

പരിശോധിക്കപ്പെടുന്നില്ല.

4. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കുന്നില്ല.
5. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/18 | 9/2018 | 24.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.1.2018 | 2014-2015 | 2.6.2016 |

1-12 വാർഷികകണക്കിലെ അപാകതകൾ

കെ.എസ്.എ.എ.എൽ.പി./ജി.എ4/1126(46)/2018 പ്രകാരം പുറപ്പെടുവിച്ച അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി/സ്ഥാപനനികുതി - ഈടാക്കിയിട്ടില്ല

2017-18 ലെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കെ.എസ് .ബി.സി ,മുഹമ്മ,1,2 അർദ്ധ വർഷങ്ങളിൽ സ്ഥാപന നികുതി അടവാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഓഫീസിലെ ഡ്രൈവർ, മരാമത്ത് ജോലികൾ ഏറ്റെടുത്തുചെയ്യുന്ന കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നം 9/27.12.2018) നൽകിയതിന്റെ മറുപടി പ്രകാരം മുകളിൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് ആയതുപ്രകാരം പലിശസഹിതം തൊഴിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ ലൈസൻസ് സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2016-17 ൽ ലൈസൻസ് എടുത്തതിലും കുറവ് സ്ഥാപനങ്ങളാണ് 2017-18 ൽ ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽതന്നെ നിരവധി സ്ഥാപനങ്ങൾ 2017-18 ൽ ലൈസൻസ് പുതുക്കിയിട്ടില്ല എന്നും കാണുന്നു.

1. ലൈസൻസ് പുതുക്കാത്ത പ്രധാന സ്ഥാപനങ്ങൾ

| ക്രമ നം | വിലാസം | ലൈസൻസ് | മുൻവർഷം ഈടാക്കിയ ലൈസൻസ് തുക |
|---|---|---|---|
| 1 | അഭിലാഷ്.പി.മണിച്ചാംവീട്,XVI/210 | കയർ,റബർ എന്നിവയുടെ ഫിനിഷിംഗ് | 200 |
| 2 | ധർമ്മദാസ്.എ.പി,ആനേക്കാട്ട് വീട്, I/483 | തടിമില്ല് | 200 |
| 3 | മാവേലി സ്റ്റോർ,പുത്തനങ്ങാടി,VI/36 | സ്റ്റോർ | 1000 |
| 4 | ബിജോ,നന്ദനംIX/769 | ഫർണ്ണീച്ചർ ഷോപ്പ് | 1000 |
| 5 | സീന.കെ.രാജേഷ്,XI/49 | ഇലകിട്രിക് ഹോം അപ്ലയൻസ് ഓഫീസ് | 1000 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17, 2017-18 എന്നീ വർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടില്ല. എന്നാൽ ഇവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു.

1. മുഹമ്മ ബസ്റ്റാന്റിനു സമീപം പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്
2. പഞ്ചായത്തിലെ 4-ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണം നമ്പർ (10/27.12.2018)ന് മറുപടി നല്കിയിരിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ വളരെയധികം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും, ട്രേഡ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. തനതുവരുമാനവർദ്ധനവിനായി ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു. ടി നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം.ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല എന്നതാണ്. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ ഫീസ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ /ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലെയും(ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. നിർദേശാനുസരണം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ ടെണ്ടർ ഫീസിനത്തിലുള്ള തുക ഈ അക്കൗണ്ടിലേക്ക് വരവ് വയ്ക്കപ്പെട്ടതായി കാണുന്നില്ല. ഇ-ടെണ്ടർ ആരംഭിച്ചതിനു ശേഷം നാളിതുവരെ മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ പൊതുമരാമത്ത് വർക്കുകളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് എത്ര രൂപ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18 തീയതി.28.12.2018) മറുപടി ലഭ്യമാക്കിയില്ല. ഈയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ടതായ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ

പ്രോജക്ടിന്റെ പേര് : ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ

മെയിന്റനൻസ് ഫണ്ട് : 200000

ചെലവ് : 187621 (ബിൽ നം. 42/17-18/21.03.18)

ടി പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഫണ്ടിൽ 187621/-രൂപ പിൻവലിച്ച് കേരള ആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 19.2.18 ലെ ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ടി ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.

| ഇനം | ആകെ വാങ്ങിയ ഉപകരണങ്ങൾ | നൽകിയത് | നൽകാത്തത് |
|---|---|---|---|
| Revolving chair | 4 | 2 | 2 |
| Steel cabinet with locker 4 shelves | 3 | 2 | 1 |
| Steel computer table | 2 | 1 | 1 |
| Steel revolving chair | 2 | 1 | 1 |

ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. ഘടകസ്ഥാപനങ്ങൾക്ക് വേണ്ടി ആവിഷ്കരിച്ച പ്രോജക്ടുവഴി വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിനാൽ വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (2x9897+1x9901+1x7156+1x3850).

## 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹിച്ച താഴെപ്പറയുന്ന വിവിധ പ്രോജക്ടുകൾക്കായി തുക പിൻവലിച്ച് വിവിധ സ്ഥാപനങ്ങളിൽ അടച്ചിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | ഫണ്ട്/തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|
| ഐ.കെ.എം.വിഹിതം നൽകൽ<br>46/17-18 | വികസനഫണ്ട്<br>1,00,000/- | ഇൻഫർമേഷൻ കേരള മിഷൻ |
| വൈദ്യുതിലൈൻ വ്യാപനം<br>75/17-18 | വികസനഫണ്ട്<br>1,95,109/-<br>ധന.ഗ്രാന്റ്<br>2,30,928/-<br>ജില്ല.വിഹിതം<br>4,26,037 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കെ.എസ്.ഇ.ബി,. ചേർത്തല |

തുകകൾ ചെലവഴിച്ച് പദ്ധതികൾ നിശ്ചിത കാലയളവിൽ പൂർത്തീകരിച്ചതിന്റെ വിവരങ്ങളോ, വിനിയോഗ സാക്ഷ്യപത്രമോ നാളിതുവരെയായും ഈ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകിയതായി കാണുന്നില്ല. ആയതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഗവ.എൽ.പി.എസ് ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ അപാകതകൾ

പ്രോജക്ട് നം. : 87/17-18
പ്രോജക്ടിന്റെ പേര് : ആസാദ് സ്കൂളിന് ഡിജിറ്റൽ ബോർഡ്
മെയിന്റനൻസ് ഫണ്ട് : 200000
ചെലവ് : 191100 (ബിൽ നം. 3/17-18/27.2.18)

ടി പ്രോജക്ട് പ്രകാരം 191100 രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും പിൻവലിച്ച് ആർ.ജെ എന്റർപ്രൈസിൽ നിന്നും 30.1.18 ലെ ഇൻവോയ്സ് പ്രകാരം ഡിജിറ്റൽ ബോർഡ് വാങ്ങിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ പരിശോധനക്ക് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. സ്റ്റോക്ക് രജിസ്റ്റർ
2. ഉപകരണം സ്കൂളിന് വിതരണം ചെയ്ത രേഖ

2.പ്രോജക്ടിന്റെ പേര് :ലാപ് ടോപ്പ് വിതരണം(എസ്.സി.)(പ്രോജക്ട് നം.85/17-18

വികസനഫണ്ട്(SCP) : 60000/-

ചെലവ് : 59,760/- (ബിൽ നം. 6/17-18/7.3.18)

ടി പ്രോജക്റ്റ് പ്രകാരം 59,760/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് സ്മാർട്ട് ടെക്നോളജിസിന്റെ 15.2.18ലെ ഇൻവോയ്സ് പ്രകാരം ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്. ടി പ്രോജക്റ്റിന്റെ പരിശോധനക്ക് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. ബ്രിഷ്നി ബാബു, വിഷ്ണു.പി.റ്റി. എന്നീ കുട്ടികളുടെ അപേക്ഷകളാണ് ഫയലിലുള്ളത്. ടി കുട്ടികൾ ലാപ് ടോപ്പ് കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിലുൾപ്പെടുത്തിയിട്ടില്ല.
2. ടി കുട്ടികൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും ലാപ് ടോപ്പ് കിട്ടിയിട്ടില്ലായെന്ന സാക്ഷ്യപത്രം.

3. <u>സ്റ്റോക്ക് രജിസ്റ്റർ</u>

3. പ്രോജക്റ്റിന്റെ പേര് :എസ്.സി.കുട്ടികൾക്ക് സൈക്കിൾ (പ്രോജക്റ്റ് നം.86/17-18)

വികസനഫണ്ട്(SCP) : 117000/-

ചെലവ് : 49,110/- (ബിൽ നം. 7/17-18/7.3.18)

ടി പ്രോജക്റ്റ് പ്രകാരം 49.110/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് സൈക്കിൾ മോട്ടോഴ്സിൽ നിന്നും 14.2.18ലെ ഇൻവോയ്സ് പ്രകാരം 10 സൈക്കിൾ വാങ്ങിയിട്ടുണ്ട്. ടി പ്രോജക്റ്റിന്റെ പരിശോധനക്ക് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. 10 കുട്ടികളും സൈക്കിൾ കൈപ്പറ്റിയതിന്റെ രേഖകൾ
2. സ്റ്റോക്ക് രജിസ്റ്റർ

3. പ്രോജക്റ്റിന്റെ പേര് : അംഗീകൃത ഗ്രന്ഥശാലകൾക്കു പുസ്തകം(പ്രോജക്റ്റ് നം.171/17-18)

വികസനഫണ്ട് : 1,00,000/-

ചെലവ് : 1,00,000/- (ബിൽ നം. 8/17-18/15.3.18)

ടി പ്രോജക്റ്റ് പ്രകാരം 1,00,000/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നാഷണൽ ബുക്ക്സ്റ്റാളിൽ നിന്നും 6.2.18ലെ ഇൻവോയ്സ് പ്രകാരം പുസ്തകങ്ങൾ 8 ഗ്രന്ഥശാലകൾക്കു നൽകിയിട്ടുണ്ട്. ടി പ്രോജക്റ്റിന്റെ പരിശോധനക്ക് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. ഗ്രന്ഥശാലകൾക്കെല്ലാം അംഗീകാരം കിട്ടിയിട്ടുണ്ടെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ്.
2. ഗ്രന്ഥശാലകൾ പുസ്തകങ്ങൾ കൈപ്പറ്റിയെന്നുള്ള രേഖകൾ
3. നിർവഹണോദ്യോഗസ്ഥനും വിവിധ ഗ്രന്ഥശാലകളും സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകകൾ തടസ്സപ്പെടുത്തുന്നു.

## 3-4 <u>കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പൊതുവിഭാഗം) ക്കായി 312500/- രൂപയും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(വനിത) പദ്ധതിക്കായി 225000/- രൂപയും വികസന ഫണ്ടിൽ നിന്നും യഥാക്രമം ബിൽ നം. 01/2017-18, 03/2017-18 പ്രകാരം പിൻവലിച്ച് ആലപ്പുഴ ജില്ലാ കാഫ്

ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-5 സമഗ്ര പച്ചക്കറി വികസന പദ്ധതി-രേഖകൾ ഹാജരാക്കിയിട്ടില്ല

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം.23/2018) 4 സംഘങ്ങൾക്ക് ഗാർഡൻ ടില്ലർ വാങ്ങുന്നതിനുവേണ്ടി വികസന ഫണ്ടിൽനിന്നും 187911/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ രേഖകളോ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ കരമൊടുക്കു രസീതുകളോ ടില്ലറുകളുടെ കൈപ്പറ്റ് രേഖകളോ ഫയലിൽ ചേർത്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/29.12.2018) നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 187911/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്

സ.ഉ (പി)7/2016/ഫിൻ തീയതി. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുന്നതിനു പകരം പണമാക്കിയതിനു വിശദീകരണം നൽകേണ്ടതുമാണ്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെടുന്നതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിശദ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് തുക അടവാക്കിയിട്ടില്ലായെന്നാണ് മറുപടി ലഭ്യമായത്. തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 3-7 ഹോണറേറിയം തുക ക്രമീകരിച്ചിട്ടില്ല

തുടർ വിദ്യാഭ്യാസകേന്ദ്രത്തിലെ സാക്ഷരതാ പ്രേരക്മാര ശ്രീമതി..പി.ഡി. വിനിത, ശ്രീമതി.വി.ടി.മാജ, അസിസ്റ്റന്റ് പ്രേരകായ ശ്രീമതി.എ.ആർ.സന്ധ്യ എന്നിവർക്ക് ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ഉൾപ്പെട്ട മാർച്ച് 2017ലെ ഹൊണറേറിയം യഥാക്രമം വൗച്ചർ നം.21700067/21.4.17, 21700068/21.4.17, പ്രകാരം 12,000/- രൂപ വീതം പ്രോരക്മാർക്കും 21700069/21.4.17 പ്രകാരം 10,500/- രൂപയുൾപ്പെടെ ആകെ 36,000/-നൽകിയിട്ടുണ്ട്. .G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്തിടപാടുകൾ നടത്തിയതിന്റെ വിവരം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ സംയുക്തപരിശോധന നടന്നിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജായ 6,78,878/-രൂപ ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ്. തെരുവുവിളക്കുകളുടെ എണ്ണം, ഇനം തിരിച്ചുള്ള വിവരം എന്നിവ ഉൾക്കൊള്ളിച്ചിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവുവിളക്കുകളുടെ സംരക്ഷണത്തിനു താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും വികസനകാര്യസ്റ്റാൻറിംഗ് കമ്മറ്റിയുടെയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-9 മരുന്നു വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി .മുഹമ്മ നടപ്പാക്കിയ പദ്ധതികളിൽ നാളിതുവരെയായിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

I)പ്രോജക്ട് നം S0067/18-സാന്ത്വനം,സൈക്യാട്രി
വികസനഫണ്ട് :700000/-
ബ്ലോക്ക് വിഹിതം :100000/-
മെയി.ഫണ്ട്(റോഡിതരം) :300000/-

ടിപ്രോജക്ട പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയുന്ന പ്രകാരം തുക പിൻവലിച്ച്

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തീയതി | ചെലവഴിച്ച തുക | ലഭ്യമായ മരുന്നിന്റെ തുക | ലഭിക്കാനുള്ള മരുന്നിന്റെ തുക |
|---|---|---|---|---|
| 1 | 5/17-18 /8.3.18 | 2,60,000/- | 63,213/- | 1,96,787/- |
| 2 | 7/17-18 /27.3.18 | 17,370/- | 12,434/- | 4,936/- |
| 3 | 8/17-18 /27.3.18 | 1,17,630/- | 81,540/- | 36,090/- |
| 4 | ആകെ | 3,59,000/- | 1,57,187/- | 2,38,813/- |

II)പ്രോജക്ട് നം S0097/18 -പകർച്ചേതര വ്യാധികൾ പിടിപെട്ടവർക്ക് മരുന്നവാങ്ങൽ
വികസനഫണ്ട് :100000/-

ബിൽ നം -9/17-18/27.3.18

ടി പ്രോജക്ട പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ 3,38,813/ -(2,38,813+1,00,000) രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ടിന്റെ പേര് – വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ
പ്രോജക്ട് നം. – 75/17-18
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ (വികസനഫണ്ട്) – 195109
ചെലവ് (വികസനഫണ്ട്) – 195109 (ബിൽ നം. 25/17-18)
അടങ്കൽ (ധനകാര്യ ഗ്രാന്റ്) – 254891
ചെലവ് – 230928 (ബിൽ നം. 27/17-18

ജില്ലാ പഞ്ചായത്ത് വിഹിതം – 42603
സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.ക്ക് 852074/-രൂപ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷന വേണ്ടി മുൻകൂർ നൽകിയിരുന്നു. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സേവന നികുതി പരിധിയിൽ ഉൾപ്പെടാത്ത സേവനത്തിന് നികുതി നല്കിയത്- സംബന്ധിച്ച്.

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലിറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി.

2017-18 സാമ്പത്തിക വർഷം മുഹമ്മ ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ താഴെപ്പറയുന്ന മരാമത്ത് പ്രവർത്തിയുടെ ബില്ലിൽ നിന്നും സേവന നികുതി ഇനത്തിൽ കോൺട്രാക്ടർക്ക് തുക നല്കിയിട്ടുണ്ട്. ഈ തുക കോൺട്രാക്ടർ കേന്ദ്രസർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണം |
| പ്രോജക്ട് നം. | : | 123/18 (105/17) |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ഭുവനേന്ദ്രൻ.കെ |
| എഗ്രിമെന്റ് നം. | : | *48/AE/MUH/LSGD/2016-17 തീ. 25.03.2017* |
| അടങ്കൽ: മെയിന്റനൻസ് ഫണ്ട് (റോഡിതരം) | : | 3,19,000/- രൂപ |
| ചെലവ് | | 3,18,940/- |

| | | |
|---|---|---|
| | | ട്രഷറിബിൽ നം.13 തീ.14.08.2017 |
| എം.ബുക്ക് നം | : | 102/AE/MHM/2016-17 |
| ആകെ വേലമൂല്യം | : | 288633/- രൂപ |
| സേവന നികുതി (10.5%) | : | 30307/- രൂപ |

തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ സർക്കാർ ഫണ്ടിൽ നിന്നും സേവന നികുതി ഇനത്തിൽ നല്കിയ 30307/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.12 തീ.27.12.2018മറുപടി ലഭ്യമാക്കിയില്ല.)

## 3-11 യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കോൺട്രാക്ടറിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല.

മുഹമ്മ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയതും യഥാസമയം പൂർത്തികരിക്കാതിരുന്നതുമായ മരാമത്ത് പണികളുടെ കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള കോമ്പൻസേഷൻ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

1). ഗവ. സംസ്കൃത സ്കൂൾ - കായിക്കര റോഡ് ടാറിംഗ് വാർഡ്-16

ഈ പ്രവർത്തിയുടെ കരാർ (18/AE/MUH/LSGD/2016-17 തീയതി.24.1.2017) പ്രകാരം 23.04.2017-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത് 24.07.2017-ൽ(എം.ബുക്ക് (34/AE/MHM/2016-17) പേജ് നം.24) മാത്രമാണ്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ പൂർത്തികരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് അപേക്ഷ നല്കിയതായും തദനുസരണമായി സപ്ലിമെന്ററി എഗ്രിമെന്റിൽ (18/AE/MUH/LSGD/2016-17 തീയതി.23.4.2017) ഏർപ്പെട്ടതായും കാണുന്നു. സപ്ലിമെന്ററി എഗ്രിമെന്റിൽ എത്ര കാലത്തേയ്ക്കാണ് പൂർത്തീകരണ കാലാവധി നീട്ടി നല്കിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണ പരമാവധി അനുവദനീയമായത് ഒറിജിനൽ കാലാവധിയുടെ 25% ആണ്. അത് പ്രകാരം 16.05.2017-ന് മുൻപായി ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 24.07.2017-ൽ മാത്രമാണ് ഈ പ്രവർത്തി പൂർത്തകരിച്ചിരിക്കുന്നത്. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് ഒരു മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. 69 ദിവസം വൈകിയാണ് പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത് എന്നതിനാൽ എഗ്രീഡ് പി.എ.സി-യുടെ 0.986% തുക കരാറുകാരനിൽ നിന്നും കോമ്പൻസേഷനായി ഈടാക്കേണ്ടതായിരുന്നു. കോമ്പൻസേഷൻ ഈടാക്കാതിരുന്നതു മൂലം 4043/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. പ്രവർത്തിയുടെ അനുബന്ധ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 26/18 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ബെന്നി.റ്റി |
| എഗ്രീഡ് പി.എ.സി | : | 4,10,000/- രൂപ |
| ചെലവ് | | 4,00,962/-<br>ട്രഷറി ബിൽനം.9 തീയതി.31.07.2017 |
| എം.ബുക്ക് നം | : | 34/AE/MHM/2016-17, 35/AE/MHM/2016-17 |

*2). സി.എം.എസ് എൽ.പി.എസ് കായിപ്പുറം-എസ്.സി.ബി 1300 റോഡ് ടാറിംഗ് വാർഡ്-3*

ഈ പ്രവർത്തിയുടെ കരാർ (19/AE/MUH/LSGD/2016-17 തീ.24.1.2017) പ്രകാരം 16.04.2017-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത് 30.06.2017-ൽ(എം.ബുക്ക് (61/AE/MHM/2016-17) പേജ് നം.14) മാത്രമാണ്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ പൂർത്തികരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് അപേക്ഷ നല്കിയതായി കാണുന്നില്ല. എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് (19/AE/MUH/LSGD/2016-17 തീ.23.4.2017) വച്ചിട്ടുള്ളതായി കാണുന്നു. സപ്ലിമെന്ററി എഗ്രിമെന്റിൽ എത്ര കാലത്തേയ്ക്കാണ് പൂർത്തീകരണ കാലാവധി നീട്ടി നല്കിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണ പരമാവധി അനുവദനീയമായത് ഒറിജിനൽ കാലാവധിയുടെ 25% ആണ്. അത് പ്രകാരം 6.05.2017-ന് മുൻപായി ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 30.06.2017-ൽ മാത്രമാണ് ഈ പ്രവർത്തി പൂർത്തകരിച്ചിരിക്കുന്നത്. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് ഒരു മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. 55 ദിവസം വൈകിയാണ് പ്രവർത്തി പൂർത്തകരിച്ചിരിക്കുന്നത് എന്നതിനാൽ എഗ്രീഡ് പി.എ.സി-യുടെ 0.786% തുക കരാറുകാരനിൽ നിന്നും കോമ്പൻസേഷനായി ഈടാക്കേണ്ടതായിരുന്നു. കോമ്പൻസേഷൻ ഈടാക്കാതിരുന്നതു മൂലം 2004/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. പ്രവർത്തിയുടെ അനുബന്ധ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 105/18 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ബെന്നി.റ്റി |
| എഗ്രീഡ് പി.എ.സി | : | 2,55,000/- രൂപ |
| ചെലവ് | | 2,49,063/-<br>ട്രഷറിബിൽനം.30 തീയതി.13.10.2017 |
| എം.ബുക്ക് നം | : | 61/AE/MHM/2016-17 |

*കോമ്പൻസേഷൻ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ തുക കരാറുകാരിൽ നിന്നും*

*ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കി വിവരം* ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.12 തീ.27.12.2018മറുപടി ലഭ്യമാക്കിയില്ല.)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പാലിന് സബ്സിഡി. | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 212500 | നെൽവിത്തും പണിക്കൂലി സബ്സിഡിയും | 211300 | 1200 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 145275 | 4725 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | സാന്ത്വനം പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | മുഹമ്മ ബോട്ട് ജെട്ടിയിൽ വാഹന പാർക്കിംഗിനുള്ള സൗകര്യം | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 145550 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 145275 | 4725 |
| ജില്ലാപഞ്ചായത്ത് | 2017-18 | 426037 | വൈദ്യുതിലൈൻ വ്യാപനം | 426037 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 200000 | പാടശേഖരങ്ങൾക്ക് ജലസൗകര്യമൊരുക്കൽ | 0 | 200000 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വൗച്ചർ നമ്പർ | തുക | | തുക |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 25/17-18 Dated 12.01.18 27,35/17-18/ 12.01.18 | 852074 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായില്ല. | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|
| പുളിമീട്ടിൽ കോളനിയിൽ പിച്ചിംഗ് കെട്ടി സംരക്ഷണം പദ്ധതി | 21700932<br>21700980<br>21700996<br>21701022<br>21701271 | 70000<br>35000<br>35000<br>70000<br>32037 | 0<br>0<br>0<br>0<br>0 | 70000<br>35000<br>35000<br>70000<br>32037 |

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഉണ്ട്/ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 747/2010 /5.3.2016 | 7200000<br>4000000 | 1625292<br>871336 | 600000<br>466400 | 0<br>0 | 1025292<br>554936 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5399/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 2016-17 | 3.14(2) | 2877 | ഭുവനേന്ദ്രൻ, കരാറുകാരൻ | 117010101787/25.9.2017 |
| 2016-17 | 3.14(1) | 2522 | ഷുക്കൂർ, കരാറുകാരൻ | 117010102600/4.12.2017 |
| ആകെ | | 5399 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58135255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70419066 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2652078 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 40,701 | അംബിക.എസ്.സെക്രട്ടറി |
| 3-2 | 2,95,109 | അംബിക.എസ്.,സെക്രട്ടറി |
| 3-3 | 3,99,970 | ജോതികല.പി.എസ്.,ഹെഡ്മിസ്ട്രസ്, |
| 3-4 | 5,37,500 | സുരേഷ്.പി.പണിക്കർ,വെറ്ററിനറി സർജൻ |
| 3-5 | 1,87,911 | അജ്ഞന ബാബു.ആർ.എസ്.,കൃഷി ഓഫീസർ |
| 3-9 | 3,38,813 | ഡോ.സുനിത്.ആർ, മെഡിക്കൽ ഓഫീസർ |
| 3-10 | 8,52,074 | |
| ആകെ | 26,52,078 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അംബിക.എസ്.സെക്രട്ടറി | വിരമിച്ചു. | നന്നംകേരിൽ,മുഹമ്മ.പി.ഓ. ആലപ്പുഴ |
| ജോതികല.പി.എസ്.,ഹെഡ്മിസ്ട്രസ്, | മുഹമ്മ ഗ്രാമപഞ്ചായത്ത് | രജി നിവാസ്, സി.എം.സി,ചേർത്തല |
| സുരേഷ്.പി.പണിക്കർ,<br>വെറ്ററിനറി സർജൻ | മുഹമ്മ ഗ്രാപഞ്ചായത്ത് | അനന്ദ നിവാസ്,<br>മരുത്തോർവട്ടം.പി.ഓ., ചേർത്തല |
| അജ്ഞന ബാബു.ആർ.എസ്.,<br>കൃഷി ഓഫീസർ | മുഹമ്മ ഗ്രാമപഞ്ചായത്ത് | രാഹുൽ നിവാസ്,നോർത്ത് ആര്യാട്,<br>ആലപ്പുഴ |
| ഡോ.സുനിത്.ആർ,<br>മെഡിക്കൽ ഓഫീസർ | മുഹമ്മ ഗ്രാമപഞ്ചായത്ത് | വിശ്വമംഗലം,കരുമാടി.പി.ഓ,അമ്പലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 1999-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |

| | |
|---|---|
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 2008-09<br>2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.5.14 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 / 04.07.14/05.09.14 |
| 2012-13<br>2013-14 | എൽ.എഫ്.എ.പി 1/130/15/ 21.4.2015/08.06.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി1-764/16/15.7.16 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി1-4-1524/2016/04.01.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(46)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 24.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ